14
സെപ്റ്റംബർ
2018

# പ്രതിധ്വനി

കുടുംബശ്രീ വാർത്താ പത്രിക

Govt. Of Kerala

ലക്കം: 013




*പ്രവർത്തന മികവിനുള്ള ദേശീയ പുരസ്കാരം കേന്ദ്ര ഗ്രാമവികസന മന്ത്രി നരേന്ദ്ര സിങ്ങ് ടോമറിൽ നിന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ, പ്രോഗ്രാം ഓഫീസർ ദത്തൻ സി.എസ് എന്നിവർ ചേർന്ന് സ്വീകരിക്കുന്നു*

## കാർഷിക മേഖലയിലെ മികവുറ്റ പ്രവർത്തനങ്ങൾ: കുടുംബശ്രീയ്ക്ക് ദേശീയ പുരസ്കാരം

കാർഷിക മേഖലയിൽ സമഗ്രമായ ഉപജീവന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയതു വഴി കേരളത്തിലെ മൂന്നര ലക്ഷത്തോളം വരുന്ന കുടുംബശ്രീ സംഘക്കൃഷി വനിതാ കർഷകരുടെ സാമ്പത്തിക സാമൂഹിക ശാക്തീകരണം സാധ്യമാക്കിയ കുടുംബശ്രീയുടെ പ്രവർത്തന മികവിന് ദേശീയ പുരസ്കാരം ലഭിച്ചു. ഫലകവും സർട്ടിഫിക്കറ്റുമടങ്ങുന്നതാണ് പുരസ്കാരം. ഡൽഹിയിൽ വിജ്ഞാൻ ഭവനിലെ പ്ളീനറി ഹാളിൽ നടന്ന ചടങ്ങിൽ കേന്ദ്ര ഗ്രാമവികസന മന്ത്രി നരേന്ദ്ര സിങ്ങ് ടോമറിൽ നിന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ, പ്രോഗ്രാം ഓഫീസർ ദത്തൻ സി.എസ് എന്നിവർ സംയുക്തമായി പുരസ്കാരം സ്വീകരിച്ചു.

ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ടി രാജ്യത്തെ ഇരുപത്തിമൂന്ന് സംസ്ഥാനങ്ങളിൽ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത കാർഷിക പദ്ധതിയായ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി) ഏറ്റവും ഫലപ്രദമായ രീതിയിൽ നിർവഹിച്ചതിനാണ് കേരളത്തിൽ പദ്ധതിയുടെ നോഡൽ ഏജൻസിയായ കുടുംബശ്രീയെ പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്.

പരമ്പരാഗത കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനോടൊപ്പം നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ശാസ്ത്രീയ കൃഷി രീതികളുടെ പ്രയോഗം, ജൈവക്കൃഷിയുടെ പ്രോത്സാഹനം, കൂടുതൽ വനിതാ കർഷകരെ പദ്ധതിൽ ഉൾപ്പെടുത്തൽ, ആധുനിക കൃഷി രീതികളെ കുറിച്ചുള്ള വിജ്ഞാന വ്യാപനം, തരിശുരഹിത ഗ്രാമങ്ങൾ ലക്ഷ്യമിട്ട് നടപ്പാക്കുന്ന കാർഷിക പ്രവർത്തനങ്ങൾ, മൂല്യവർധിത ഉൽപന്നങ്ങളുടെ വികസനവും വിപണി കണ്ടെത്തലും, കർഷകരുടെ കൂട്ടായ്മയായി പ്രൊഡ്യൂസർ കമ്പനികളുടെയും സംഘക്കൃഷി ഗ്രൂപ്പുകൾക്ക് പിന്തുണ നൽകുന്നതിനായി കർഷക സഹായകകേന്ദ്രങ്ങളുടെയും രൂപീകരണം, അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിന്റെ ഉപജീവനത്തിനും വരുമാന ലഭ്യതയ്ക്കുമായി പ്രത്യേക കാർഷിക പദ്ധതി എന്നിങ്ങനെ കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി നിരന്തരവും സജീവവുമായ ഇടപെടലുകളാണ് കുടുംബശ്രീ നടത്തുന്നത്. ഇതോടൊപ്പം ജലസ്രോതസുകളും മണ്ണും സംരക്ഷിച്ചുകൊണ്ട് പരിസ്ഥിതി സംരക്ഷണത്തിന് പ്രാമുഖ്യം നൽകിയുള്ള പ്രവർത്തനങ്ങളും കാർഷിക സംസ്കാരം വീണ്ടെടുക്കുന്നതിനുള്ള ശ്രദ്ധേയമായ പരിശ്രമങ്ങളും പരിഗണിച്ചാണ് അവാർഡ്.

രാജ്യമൊട്ടാകെ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം പദ്ധതിയുടെ ഉപപദ്ധതിയാണ് എം.കെ.എസ്.പി. ഗ്രാമീണ മേഖലയിലെ വനിതകൾക്ക് കാർഷിക മേഖലയിൽ മെച്ചപ്പെട്ട ഉപജീവന മാർഗവും തൊഴിലും ലഭ്യമാക്കുന്നതിലൂടെ അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. 2011 മുതലാണ് പദ്ധതി കേരളത്തിൽ നടപ്പാക്കിയത്. മൂന്നു വർഷം കാലാവധിയുള്ള പദ്ധതിയ്ക്ക് 79 കോടി രൂപയാണ് അടങ്കൽ തുക. ഈ കാലയളവിൽ ഒന്നര ലക്ഷം അയൽക്കൂട്ട വനിതാ കർഷകരെ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തി 24000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുക എന്നതായിരുന്നു ലക്ഷ്യം. ഫലപ്രദമായ ആസൂത്രണം വഴി 2012ൽ തന്നെ ഈ ലക്ഷ്യം മറി കടക്കാൻ കുടുംബശ്രീക്ക് സാധിച്ചിരുന്നു. ഇതേ തുടർന്ന് പദ്ധതി ദീർഘിപ്പിക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചു. നിലവിൽ 53000 ഹെക്ടർ സ്ഥലത്താണ് കുടുംബശ്രീയുടെ കൃഷി. ഇതിലൂടെ പദ്ധതി ലക്ഷ്യത്തിന്റെ ഇരട്ടിയിലധികം സ്ഥലത്തേക്ക് കാർഷിക പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ കുടുംബശ്രീക്കായിട്ടുണ്ട്.

തരിശുരഹിത ഗ്രാമങ്ങൾ ലക്ഷ്യമിട്ടു കുടുംബശ്രീ നടപ്പാക്കുന്ന സംഘക്കൃഷിയിലൂടെ കൂടുതൽ തരിശുനിലങ്ങൾ കണ്ടെത്തി കൃഷിക്ക് ഉപയുക്തമാക്കാൻ സാധിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ സമഗ്രമുന്നേറ്റം ലക്ഷ്യമിട്ട് അഞ്ച് പ്രൊഡ്യൂസർ കമ്പനികളും ഇതിനകം രൂപീകരിച്ചു. കൂടാതെ കുടുംബശ്രീയുടെ കീഴിൽ സംസ്ഥാനത്ത് 140 നഴ്സറികൾ, അഞ്ച് ജില്ലകളിൽ 250 ഹെക്ടർ സ്ഥലത്ത് ഔഷധ സസ്യക്കൃഷി എന്നിവയ്ക്കും തുടക്കമിട്ടു. സാമൂഹിക വികസനരംഗത്ത് സംഘക്കൃഷിയുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ ബഡ്സ് സ്ഥാപനങ്ങളിൽ മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ''സഞ്ജീവനി'' അഗ്രി തെറാപ്പി പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ജൈവക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഈ രംഗത്ത് പ്രവർത്തിക്കുന്ന കർഷക വനിതകൾക്ക് തങ്ങളുടെ ഉൽപന്നങ്ങൾ പൂർണമായും ജൈവക്കൃഷിയിലൂടെ ഉൽപാദിപ്പിക്കുന്നവയാണെന്ന് വ്യക്തമാക്കുന്ന പാർട്ടിസിപ്പേറ്ററി ഗാരണ്ടി സിസ്റ്റം സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കി വരികയാണ്. കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തിയ കേന്ദ്രം 2020 വരെ പദ്ധതിയുടെ കാലയളവ് ദീർഘിപ്പിച്ചിട്ടുണ്ട്. നൂതനമായ പദ്ധതികൾ ആവിഷ്ക്കരിച്ച് സംഘക്കൃഷി ഗ്രൂപ്പിലെ വനിതകൾക്ക് സ്ഥിരവരുമാനം ലഭ്യമാക്കുന്നതോടൊപ്പം കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുകയുമാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്.

## പ്രളയ ഭീതി മറന്ന് മുന്നേറാൻ കുട്ടികൾക്ക് ബാലസഭ ക്യാമ്പുകൾ



പ്രളയ ഭീതി മറന്ന് സധൈര്യം മുന്നേറാനായി കുട്ടികൾക്ക് കുടുംബശ്രീയുടെ ബാലസഭ ക്യാമ്പുകൾ വയനാട് ജില്ലയിലുടനീളം സംഘടിപ്പിച്ചു. പ്രളയം വിതച്ച ഭീതിയിൽ നിന്ന് പൂർണ്ണമായും മുക്തരായി ജീവിതത്തിൽ സധൈര്യം മുന്നേറാൻ കുട്ടികളെ പ്രാപ്തമാക്കുന്ന പ്രത്യേക പരിപാടിക്ക് 'ട്രീ ഓഫ് സർവൈവൽ' എന്നാണ് പേരിട്ടിരിക്കുന്നത്. മഴക്കെടുതി കൂടുതലായും നാശം വിതച്ച ജില്ലയിലെ എട്ട് പഞ്ചായത്തുകളിലാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ 'ട്രീ ഓഫ് സർവൈവൽ ' പരിപാടി സംഘടിപ്പിച്ചത്. വിവിധ തരം പാട്ടുകളും കളികളുമായി ജീവിതത്തിന്റെ പ്രതീക്ഷകളെ അടയാളപ്പെടുത്താൻ എഴുന്നൂറോളം കുട്ടികളാണ് ഒത്തു ചേർന്നത്. തങ്ങൾ പ്രളയത്തെ അതിജീവിച്ചതിന്റെ ഓർമ്മയ്ക്കായി 'നന്മ മരം' എന്ന പേരിൽ അതിജീവനത്തിന്റെ മരം നടുകയും ചെയ്തു കുട്ടികൾ. പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചത് സി.കെ ശശീന്ദ്രൻ എം എൽ എ ആണ്.

പ്രളയത്തെക്കുറിച്ചും ജില്ലയുടെ കാലാവസ്ഥയെ സംബന്ധിച്ചുള്ള വിശദമായ ചർച്ചകളും ക്ലാസുകളും ഇതിനോടനുബന്ധിച്ചു നടന്നു. കുടുംബശ്രീ ടീമിന്റെ നേതൃത്വത്തിൽ പ്രത്യേകം കൗൺസിലിംഗും കുട്ടികൾക്ക് നൽകി. നവകേരളം കെട്ടിപ്പടുക്കുന്നതിനുള്ള ആശയങ്ങളും കുട്ടികൾ പരിപാടിയിൽ അവതരിപ്പിച്ചു.അടുത്ത ഘട്ടമായി പ്രളയക്കെടുതിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി ബാലസഭ കുട്ടികളുടെ നേതൃത്വത്തിൽ വിവരങ്ങൾ ശേഖരിച്ച് ചരിത്ര രേഖയായി സൂക്ഷിക്കും.

**ലൈഫ് മിഷൻ പദ്ധതി**

## പ്രളയം തളർത്തിയില്ല, തണ്ണീർമുക്കത്ത് 53 ദിവസം കൊണ്ട് വീട് നിർമ്മിച്ച് കുടുംബശ്രീ സംഘം



പ്രളയബാധ ഏറെ വലച്ച ആലപ്പുഴ ജില്ലയിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണം വെറും 53 ദിവസങ്ങൾ കൊണ്ട് പൂർത്തിയാക്കി കുടുംബശ്രീ നിർമ്മാണ സംഘം അഭിമാന നേട്ടം കൈവരിച്ചു. തണ്ണീർമുക്കം പഞ്ചായത്തിലെ അഞ്ചാം വാർഡിലെ പൂത്തുറവേലി ഗൗരിയ്ക്കായി 418 ചതുരശ്രയടി വരുന്ന വാർക്ക വീടാണ് 35 പേരടങ്ങുന്ന സംഘം നിർമ്മിച്ചു നൽകിയത്. 2018 ജൂൺ 11നാണ് വീടിന്റെ നിർമ്മാണം ആരംഭിച്ചത്. തന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെ ധനകാര്യമന്ത്രി ഡോ. ടി.എം. തോമസ് ഐസക് ഈ സ്ത്രീ കൂട്ടായ്മയുടെ അഭിമാന നേട്ടം പങ്കുവയ്ക്കുകയും ചെയ്തു. ഇവരുടെ മനോധൈര്യത്തെയും കഠിനാധ്വാനത്തെയും ആത്മവിശ്വാസത്തെയും അഭിനന്ദിച്ചു കൊണ്ടായിരുന്നു അദ്ദേഹത്തിന്റെ ഫേസ്ബുക്ക് പോസ്റ്റ്. പ്രാരംഭ ചർച്ച മുതൽ പ്രായോഗിക പരിശീലനം വരെ എല്ലാ കാര്യങ്ങളും വിശദമായി രേഖപ്പെടുത്തി വയ്ക്കുന്നതിന് കുടുംബശ്രീയെ പ്രത്യേകമായി അഭിനന്ദിക്കാനും മന്ത്രി ഡോ. തോമസ് ഐസക് മറന്നില്ല.

കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ഗവൺമെന്റ് അംഗീകൃത ഏജൻസിയായ ഏക്സാഥാണ് ഈ വനിതാ നിർമ്മാണ സംഘത്തിന് വീട് നിർമ്മാണത്തിൽ പരിശീലനം നൽകുന്നത്. വീട് നിർമ്മാണവും പരിശീലനവും ഒരുമിച്ച് നടത്തുന്നതിനാൽ ചെലവും കുറയ്ക്കാൻ കഴിയുന്നു. ആലപ്പുഴ ജില്ലയിൽ ഇതേ രീതിയിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം 15 പഞ്ചായത്തുകളിലായി 15 വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ജില്ലയിൽ മാത്രം 415 സ്ത്രീകൾക്ക് ഇതേ മാതൃകയിൽ നിർമ്മാണ പരിശീലനം നൽകി വരുന്നു.

ഭവനരഹിതർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിനായുള്ള വിവിധ സർക്കാർ പദ്ധതികൾ പ്രാവർത്തികമാക്കുമ്പോൾ തൊഴിലാളികളുടെ അഭാവമുണ്ടാകുന്നത് മുൻകൂട്ടി കണ്ടാണ് കുടുംബശ്രീ ഈ മേഖലയിൽ ശ്രദ്ധ പതിപ്പിച്ചിരിക്കുന്നത്. നിർമ്മാണ മേഖലയിൽ സ്ത്രീകൾക്ക് വിദഗ്ധ പരിശീലനം നൽകി മൈക്രോ കോൺട്രാക്ടർമാരുടെ സംഘം രൂപീകരിക്കു എന്നതാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. ശാസ്ത്രീയമായി തയാറാക്കിയിരിക്കുന്ന സിലബസ് അനുസരിച്ചാണ് ഇവർക്ക് പരിശീലനം നൽകുന്നത്. കെട്ടിട നിർമ്മാണ രംഗത്ത് വർഷങ്ങളുടെ പരിചയമുള്ളവരുടെ ക്ലാസ്സുകളും നൽകുന്നു. പഠനം പൂർത്തിയാക്കുന്നവർക്ക് വിവിധ സർക്കാർ ഭവന പദ്ധതികളുടെ ചുമതല കൂടി ലഭിക്കുന്നതോടെ കൈനിറയെ തൊഴിലവസരങ്ങളുമുണ്ടാകും.

## കൊയിലാണ്ടി നഗരസഭയിൽ ഹരിതകർമ്മസേന സജീവമാകുന്നു

കൊയിലാണ്ടി നഗരസഭയിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഹരിതകർമ്മ സേന സജീവമാകുന്നു. നഗരസഭയുടെ ക്ലീൻ ആൻഡ് ഗ്രീൻ പദ്ധതിയുടെ ഭാഗമായാണ് ഹരിത കർമ്മ സേനയുടെ പ്രവർത്തനം. സേനാംഗങ്ങൾക്കുള്ള യൂണിഫോം, ഗംബൂട്ടുകൾ, മാസ്ക്കുകൾ, ഗ്ലൗസ് എന്നിവയുടെ വിതരണോദ്ഘാടനം നഗരസഭാ ചെയർമാൻ കെ. സത്യൻ നിർവ്വഹിച്ചു.



2017ലാണ് കൊയിലാണ്ടി നഗരസഭയിൽ ഹരിതകർമ്മസേന പ്രവർത്തനം ആരംഭിക്കുന്നത്. നഗരത്തിലെ ജൈവ- അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി 44 വാർഡുകളിൽ നിന്ന് 88 പേരെയാണ് ഹരിതകർമ്മ സേനയിലേക്ക് തെരഞ്ഞെടുത്തത്. ഇത് കൂടാതെ ധനശ്രീ അംഗങ്ങളായ 12 പേരും കൂടി ചേരുമ്പോൾ ആകെ 100 അംഗങ്ങൾ. 88 പേർ അതാത് വാർഡുകളിൽ നിന്ന് മാലിന്യങ്ങൾ ശേഖരിക്കുമ്പോൾ 12 പേർ കടകളിൽ നിന്നും വ്യവസായ സ്ഥാപനങ്ങളിൽ നിന്നുമുള്ള മാലിന്യമാണ് ശേഖരിക്കുന്നത്. ഒരു വീട്ടിൽ നിന്ന് 50 രൂപ നിരക്കിലാണ് മാലിന്യ നിർമ്മാർജ്ജനത്തിനായി ഈടാക്കുന്നത്. ഹരിതകർമ്മസേന 2.25 ലക്ഷം രൂപ വരുമാനം നേടിക്കഴിഞ്ഞു. അതിൽ 55000 രൂപ വണ്ടിയുടെ വാടക ഇനത്തിൽ ചെലവായി. ശേഷിച്ച തുക സംഘാംഗങ്ങൾ പങ്കിട്ടെടുത്തു.

അജൈവ മാലിന്യം സംസ്ക്കരിക്കുന്നതിന്റെ ഭാഗമായി കുന്നോത്തിൽ ഒരു ഷ്രെഡ്ഡിങ് യൂണിറ്റും അടുത്തിടെ ആരംഭിച്ചിരുന്നു.

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Ramlath.P, Managing Editor: Jayanthi Narendran, Associate Editors: Asha S. Panicker, Chaithanya. G, Manjary Asok. Design: Arun S, E-mail: prteamkshreeho@gmail.com